20
2024
ആഗസ്റ്റ്
ചൊവ്വ
ചിങ്ങം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.244 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-244 പേജ് 4. വില 2.00 രൂപ




02 സിദ്ധരാമയ്യക്ക് ആശ്വാസം: കീഴ്ക്കോടതി നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തു

03 ഗ്രാമീൺ ബാങ്കിനെതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

04 തിരുവനന്തപുരത്തെ ഊർജ്ജസ്വലമായ സാംസ്കാരിക നഗരമാക്കാൻ ടിസിപിഎ

# തുറമുഖ ആസ്ഥാനം പുരാവസ്തുവായി

**യേശുദാസ് വില്യം**

തിരുവനന്തപുരം. കേരള മാരിടൈം ബോർഡിന്റെ വലിയതുറയിലെ ആസ്ഥാന മന്ദിരത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കണ്ടാൽ മാത്രം മതി ബോർഡിന്റെ ഇപ്പോഴത്തെ നില ആർക്കും മനസ്സിലാക്കുവാനാകും. കേരള തീരത്തെ ഇരുപതു ചെറുതും വലുതുമായ തുറമുഖങ്ങളുടെ ആസ്ഥാന മന്ദിരമാണ് ബോർഡിന്റെ അനാസ്ഥ കൊണ്ട് നാമാവിശേഷമായിക്കൊണ്ടിരിക്കുന്നത്.കേരളത്തിന്റെ നീളമേറിയതും മനോഹരവുമായ തീരത്ത് ഏറ്റവും പ്രാധാന്യമുള്ള വലിയതുറയിലെ പുരാതനമായ ആസ്ഥാനമന്ദിരം ഒഴിവാക്കി നഗരത്തിനുള്ളിലെ വാടക മന്ദിരത്തിലേക്കു ആസ്ഥാനം മാറ്റിയ തുഗ്ലക്കിയൻ ഭരണമാണ് രണ്ടാം പിണറായി സർക്കാരിന്റെ കാലത്തു മാരിടൈം ബോർഡും അതിന്റെ നേതൃത്വത്തിലുള്ളവരും സ്വീകരിക്കുന്നത്.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സുതാര്യമായ രീതിയിൽ മണൽ വിൽപനയിലൂടെയും,ചരിത്ര പ്രസിദ്ധമായ ക്രൂ ചെയിഞ്ചിലൂടെയും വൻ വരുമാനനേട്ടം നേടിയെടുത്ത ബോർഡ് ഇപ്പോൾ തലതിരിഞ്ഞ പ്രഖ്യാപനങ്ങളിലൂടെയും.ഒരിക്കലും നടപ്പാകാത്ത പദ്ധതികളിലൂടെയും സകലതും ഇല്ലായ്മ ചെയ്യുകയാണ്.കേരളത്തിന്റെ വികസനത്തിൽ പുതുമയോടെ നിരവധി പദ്ധതികൾ ഒന്നാം പിണറായി സർക്കാരിന്റെ കലത്ത് മാരിടൈം ബോർഡ് ആവിഷ്കരിച്ചിരുന്നു.കേരളത്തിലെ തുറമുഖങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതികൾ,തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ചരക്ക് ഗതാഗതം,യാത്രാക്കപ്പൽ പദ്ധതികൾ.ഇതെല്ലാം തുടർച്ചയായി വരേണ്ടിടത്തു ഒന്നൊന്നായി ഇല്ലാതായി.വികസനത്തിന്റെ കുതിപ്പ് പത്തു കൊല്ലം പിന്നോട്ടടിക്കുന്നതു പോലെയായി.ദുബായ് യാത്രക്കപ്പലും,ക്രൂസ് ടൂറിസവും വെളിവില്ലാത്ത പ്രഖ്യാപനങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു.



ഇതാണ് ഇന്നത്തെ മാരിടൈം ബോർഡിന്റെ വലിയതുറ ആസ്ഥാന മന്ദിരം

ഒന്നാം പിണറായി സർക്കാരിന്റെ കാലത്തു തുറമുഖങ്ങളുടെ നിരവധിയായ ആസ്തികൾ നിയന്ത്രണത്തിൽ കൊണ്ടുവരാനും,സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുവാനും,ഇത്തരം സ്ഥലങ്ങളിൽ കുടുംബശ്രീ,മൽസ്യഫെഡ്,തീരദേശവികസന കോർപ്പറേഷൻ തുടങ്ങിയ സർക്കാർ ഏജൻസികളെ സംയോജിപ്പിച്ചു കൊണ്ടുള്ള പദ്ധതികളും,നിരവധി തൊഴിലവസരങ്ങളും രണ്ടാം പിണറായി സർക്കാരിന്റെ കാലത്തെ ബോർഡിന്റെ അനാസ്ഥയും പിടിപ്പുകേടും കൊണ്ടു അട്ടിമറിക്കപ്പെട്ടു.മാരിടൈം മേഖലയെക്കുറിച്ചോ,കടലിനെക്കുറിച്ചോ യാതൊരുവിധ അറിവോ പ്രവർത്തി പരിചയമോ ഇല്ലാത്ത ചെയർമാനും,സിഇഓ മാണ് ബോർഡിന്റെ തലപ്പത്തുള്ളത്.അതുകൊണ്ടു തന്നെയാണ് ഇവർ നൽകുന്ന ഉറപ്പിൻമേൽ തുറമുഖ മന്ത്രി നടത്തുന്ന പ്രസ്താവനകൾ ജലരേഖയാവുന്നത്.

## കേന്ദ്രസർക്കാരിന്റെ വാഗ്ദാനങ്ങൾ അഭയ കേന്ദ്രങ്ങളിൽ ആശങ്കയാണന്ന് :പി സ്റ്റെല്ലസ്

തിരുവനന്തപുരം : വയനാട്ടിൽ പ്രധാനമന്ത്രിയുടെ സന്ദർശനം കഴിഞ്ഞ് ആഴ്ചകൾ കഴിഞ്ഞിട്ടും സഹായങ്ങൾ ഒന്നും തന്നെ പ്രഖ്യാപിക്കാത്തതിൽ ഏറെ ദുഃഖിതരായാണ് വയനാട്ടിലെ ദുരിതബാധിതർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്.

ചൂരൽ മലയിലെയും, മുണ്ടക്കയിലെയും, ദുരന്തം അനുഭവിക്കുന്നവർ തുടർന്നുള്ള ജീവിതത്തിന് നിവർത്തിയില്ലാതെ ആയിരങ്ങൾ കേന്ദ്രസർക്കാരിൽ പ്രതീക്ഷയോടെ അഭയ കേന്ദ്രങ്ങളിൽ ജീവിതം തള്ളി നീക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

തുടർന്ന് ഇവർ ക്യാമ്പുകളിൽ തന്നെ കഴിയുകയാണെങ്കിൽ മറ്റൊരു ദുരിതവും ദുരന്തവും ഏറ്റുവാങ്ങേണ്ടിവരും.

മാരക രോഗങ്ങളാൽ പകർച്ചവേദികൾ ഉൾപ്പെടെയുള്ള ദുരിതം അനുഭവിക്കുന്നതിനു മുമ്പ് തന്നെ കേന്ദ്രസർക്കാരിന്റെ അടിയന്തരസഹായം ഈ സാഹചര്യത്തിൽ അനിവാര്യമാണെന്ന് പി സ്റ്റെല്ലസ്.

## മുതലപ്പൊഴിയിൽ മത്സ്യത്തൊഴിലാളിയെ കാണാതായ സംഭവം; മൃതദേഹം കണ്ടെത്തി

തിരുവനന്തപുരം: മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് കടലിൽ കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. അഞ്ചുതെങ്ങ് സ്വദേശി ബെനഡിക്ട്(45) ആണ് മരിച്ചത്.

കഴിഞ്ഞ ശനിയാഴ്ച മത്സ്യബന്ധനം കഴിഞ്ഞ് തിരികെ വരുമ്പോഴായിരുന്നു അപകടമുണ്ടായത്. ശക്തമായ തിരമാലയിൽ വള്ളം തലകീഴായി മറിയുകയായിരുന്നു.

നാലു പേരാണ് വള്ളത്തിൽ ഉണ്ടായിരുന്നത്.

രണ്ടുപേരെ മറൈൻ ഇൻഫോഴ്സ്മെൻറാണ് രക്ഷപ്പെടുത്തിയത്. ഒരാളെ മറ്റൊരു വള്ളത്തിൽ കയറ്റി രക്ഷപ്പെടുത്തി. കാണാതായ ബെനഡിക്ടിനായി രണ്ട് ദിവസമായി തിരച്ചിൽ നടത്തി വരുന്നതിനിടെ ഇന്ന് രാവിലെ പുതുക്കുറിച്ചി തീരത്താണ് മൃതദേഹം കണ്ടെത്തിയത്.

## വയനാട് ദുരന്തബാധിതരുടെ വായ്പകൾ ബാങ്കുകൾ എഴുതിത്തള്ളണം: മുഖ്യമന്ത്രി

വയനാട് ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ ബാങ്കുകൾ തയാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിളിച്ചു ചേർത്ത സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ദുരിതബാധിതർക്ക് നൽകിയ ആശ്വാസധനത്തിൽനിന്ന് ചൂരൽമലയിലെ ഗ്രാമീൺ ബാങ്ക് വായ്പയുടെ ഇഎംഐ പിടിച്ചത് ശരിയല്ല. ഇത്തരം ഘട്ടങ്ങളിൽ യാന്ത്രികമായ സമീപനം ബാങ്കുകൾ സ്വീകരിക്കരുത്. റിസർവ് ബാങ്ക്, നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കുന്ന സാഹചര്യത്തിൽ വായ്പ എഴുതിത്തള്ളുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

സമാനതകളില്ലാത്ത ദുരന്തമാണ് വയനാട്ടിലുണ്ടായത്. ദുരന്ത ബാധിതരിൽ കാർഷിക വൃത്തിയിലേർപ്പെടുന്നവരാണ് ഭൂരിഭാഗം. അതേസമയം ദുരന്തത്തിൽ കൃഷിഭൂമി ഒലിച്ചു പോവുകയും, ഭൂമിയുടെ സ്വഭാവം തന്നെ മാറുകയും ചെയ്തു. വിദ്യാഭ്യാസം, വീട്, കൃഷി തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുത്തവരാണ് അധികവും. ഇതിൽ മുഴുവൻ കുടുംബാംഗങ്ങളെയും നഷ്ടപ്പെട്ട വ്യക്തികളുണ്ട് എന്നത് കാണാതെ പോകരുത്. ബാങ്കുകളെ സംബന്ധിച്ചടുത്തോളം അവരുടെ ആകെ സാമ്പത്തിക ഇടപാടിന്റെ തുച്ഛമായ ഭാഗം മാത്രമായിരിക്കും ഈ ഇടപെടലിന്റെ ഭാഗമായി കുറവു വരുന്നത്.

സാധാരണ ഘട്ടങ്ങളിൽ എഴുതിത്തള്ളുന്ന വായ്പ സർക്കാർ തിരിച്ചടക്കുന്ന സമീപനത്തിന് പ്രതീക്ഷിക്കാതെ, ബാങ്കുകൾ സ്വന്തം നിലയിൽ ദുരിതാശ്വാസ സഹായങ്ങൾക്ക് ഒപ്പം നിൽക്കണം. ഇതിൽ കേരള ബാങ്ക് സ്വീകരിച്ച സമീപനം മാതൃകാപരമാണ്. ദുരന്തബാധിതരുടെ മുഴുവൻ വായ്പകളും എഴുതിത്തള്ളിയ കേരള ബാങ്കിന്റെ മാതൃക മറ്റ് ബാങ്കുകളും സ്വീകരിക്കുമെന്നാണ് പ്രതീക്ഷ.

ദുരന്തബാധിതരെ മാതൃകാപരമായി പുനരധിവസിപ്പിക്കുന്നതിൽ രാജ്യവും ലോകവും സംസ്ഥാന സർക്കാരിനൊപ്പം നിൽക്കുന്ന സാഹചര്യവും മുഖ്യമന്ത്രി യോഗത്തിൽ ചൂണ്ടിക്കാട്ടി. ചീഫ് സെക്രട്ടറി ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, വിവിധ ബാങ്കുകളുടെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

# ഹേമ കമ്മിഷൻ റിപ്പോർട്ടിൽ ഞെട്ടി സിനിമലോകം

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഞെട്ടിക്കുന്ന മൊഴികളും പരാമർശങ്ങളും. റിപ്പോർട്ടിലെ 55, 56 പേജുകളിൽ മലയാള സിനിമയിൽ നടക്കുന്ന ഗുരുതര ലൈംഗിക കുറ്റകൃത്യങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മലയാള സിനിമാ മേഖലയിൽ അടിമുടി സ്ത്രീവിരുദ്ധത നിലനിൽക്കുന്നതായി റിപ്പോർട്ടിൽ വിശദീകരിക്കുന്നു.

ലൈംഗികമായ വിട്ടുവീഴ്ചകൾക്ക് തയാറാകണമെന്ന് പ്രമുഖർ ഉൾപ്പടെ ആവശ്യപ്പെട്ടതായി കമ്മിറ്റിക്ക് മുന്നിൽ നിരവധി വനിതകൾ മൊഴി നൽകിയിട്ടുണ്ട്. സിനിമയിൽ അവസരം ലഭിക്കണമെങ്കിൽ വഴങ്ങിക്കൊടുക്കേണ്ട സാഹചര്യമുണ്ട്. അതിജീവതകൾ പോലീസിനെ സമീപിക്കാതിരിക്കുന്നത് ജീവഭയം കാരണമാണ്.

പരാതിപ്പെട്ടാൽ കുടുംബാഗങ്ങൾക്കെതിരെയും ഭീഷണിയുയരുമെന്നും റിപ്പോർട്ടിൽ പറയുന്നു. പരാതിപ്പെടുന്നവർ സിനിമയിൽ നിന്ന് തുടച്ചുനീക്കപ്പെടുകയാണ്. നടി ആക്രമിക്കപ്പെട്ടത് ഒറ്റപ്പെട്ട സംഭവമല്ല. സിനിമയിൽ കാസ്റ്റ് ചെയ്തിട്ടും വഴങ്ങിയില്ലെങ്കിൽ റിപ്പീറ്റ് ഷോട്ടുകൾ എടുപ്പിച്ച് ബുദ്ധിമുട്ടിപ്പിക്കും. ഇത്തരത്തിൽ 17 ഷോട്ടുകൾ വരെ എടുത്ത് ബുദ്ധിമുട്ടിച്ചു.

പ്രൊഡക്ഷൻ യൂണിറ്റിൽ ഉള്ളവർ ശുചിമുറി ഉപയോഗിക്കാൻ പോലും സ്ത്രീകളെ അനുവദിക്കാറില്ല. വഴിവിട്ട കാര്യങ്ങൾക്ക് സംവിധായകരും നിർമാതാക്കളും നിർബന്ധിക്കുന്നു.

അതിക്രമം കാട്ടിയവരിൽ ഉന്നതരുണ്ട്. എന്നിങ്ങനെയുള്ള വെളിപ്പെടുത്തലുകൾ ഹേമ കമ്മിറ്റി റിപ്പോർട്ടിലുണ്ട്.

കൊച്ചിയിൽ പ്രമുഖ നടി ആക്രമിക്കപ്പെട്ട സംഭവം വിവാദമായതിനു പിന്നാലെയാണ്, സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ 2017 ജൂലൈ ഒന്നിന് ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് കെ.ഹേമ അധ്യക്ഷയായി കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത്. മുതിർന്ന നടി ശാരദ, മുൻ ഐഎഎസ് ഉദ്യോഗസ്ഥ കെ.ബി.വത്സലകുമാരി എന്നിവർ അംഗങ്ങളായിരുന്നു. വിമൻ ഇൻ സിനിമ കലക്ടീവ് എന്ന സംഘടനയുടെ രൂപീകരണവും കമ്മിഷന്റെ നിയമനത്തിനു കാരണമായിരുന്നു. സിനിമാ മേഖലയിലെ വിവിധ വിഭാഗങ്ങളിൽപെട്ട നിരവധി ആളുകളുമായി നേരിട്ടു സംസാരിച്ച് മൊഴികൾ രേഖപ്പെടുത്തി 2019 ഡിസംബർ 31നാണ് കമ്മിഷൻ മുഖ്യമന്ത്രി പിണറായി വിജയന് റിപ്പോർട്ട് കൈമാറിയത്. അന്നു തൊട്ട് ഇങ്ങോട്ട് റിപ്പോർട്ടിന്റെ ഭാഗങ്ങൾ പുറത്തുവരാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തിയ സർക്കാർ പക്ഷേ കമ്മിറ്റിയുടെ കണ്ടെത്തലുകളും ശുപാർശകളും നടപ്പാക്കി സിനിമാ മേഖലയിലെ സ്ത്രീകൾക്കു സുരക്ഷിതത്വം ഉറപ്പാക്കാനുള്ള ഒരു തരത്തിലുള്ള നടപടികളും സ്വീകരിക്കാൻ കൂട്ടാക്കിയില്ല.

രണ്ടാം പിണറായി സർക്കാരാണ് കമ്മിഷൻ റിപ്പോർട്ടിനെക്കുറിച്ച് പഠിക്കാൻ മറ്റൊരു സമിതിയെ നിയോഗിച്ചത്. വനിതാ കമ്മിഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളും കണ്ണടച്ച് ഇരുട്ടാക്കി. മാധ്യമപ്രവർത്തകർ ഉൾപ്പെടെ നിരവധി തവണ റിപ്പോർട്ട് പുറത്തുവിടണമെന്ന് ആവശ്യപ്പെട്ടെങ്കിലും വിവരാവകാശ കമ്മിഷൻ അംഗീകരിച്ചില്ല. നിരന്തരമായ അപ്പീലുകൾക്കൊടുവിൽ വിവരാവകാശ കമ്മിഷണറായ ഡോ.എ.എ.അബ്ദുൽ ഹക്കീമാണ് റിപ്പോർട്ട് പുറത്തുവിടണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടത്. പിന്നീട് നിയമപോരാട്ടങ്ങൾക്കൊടുവിൽ ഹൈക്കോടതി കൂടി പച്ചക്കൊടി കാട്ടിയെങ്കിലും സ്വകാര്യത പരിഗണിച്ച് അധികൃതർ സെൻസർ ചെയ്തതിന്റെ ബാക്കിയുള്ള ഭാഗങ്ങളാണ് ജനങ്ങൾക്കു മുന്നിലേക്ക് എത്തിയിരിക്കുന്നത്.

ആകെ 233 പേജുകളുള്ള റിപ്പോർട്ടാണ് പുറത്തുവന്നത്. സ്വകാര്യതയെ ലംഘിക്കുന്ന വിവരങ്ങൾ കൈമാറില്ലെന്ന് നേരത്തെ വ്യക്തമാക്കിയതിനാൽ ആളുകളെ തിരിച്ചറിയുന്ന വിവരങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. 49മത്തെ പേജിലെ 96മത്തെ പാരഗ്രാഫ് പ്രസിദ്ധീകരിച്ചില്ല.

81 മുതൽ 100 വരെയുള്ള പേജുകളിലെ ചില ഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. 165 മുതൽ 196 വരെയുള്ള പാരഗ്രാഫുകളും അനുബന്ധവും ഒഴിവാക്കിയിട്ടുണ്ട്.

## പോക്സോ പോലും ചുമത്തേണ്ട കുറ്റകൃത്യങ്ങളുണ്ടായി

തിരുവനന്തപുരം: മലയാള സിനിമാ രംഗത്ത് ക്രിമിനൽ കുറ്റകൃത്യങ്ങൾ അടക്കം നടന്നെന്ന് ഹേമ കമ്മിറ്റി റിപ്പോർട്ട്. രാജ്യത്തെ നിയമങ്ങൾ പ്രകാരമുള്ള പല കുറ്റകൃത്യങ്ങളും നടന്നെന്ന് റിപ്പോർട്ടിൽ പറയുന്നു.

പോക്സോ പോലും ചുമത്തേണ്ട കുറ്റകൃത്യങ്ങളുണ്ട്. പ്രത്യാഘാതങ്ങൾ ഭയന്ന് നിശബ്ദത പാലിക്കുകയാണ്. പല നടിമാരും നൽകിയ മൊഴി അനുസരിച്ച് ഐപിസി, പോഷ് നിയമങ്ങൾ അനുസരിച്ച് കേസെടുക്കേണ്ട പല സംഭവങ്ങൾ ഉണ്ടായി. എന്നാൽ സിനിമയിൽനിന്ന് ഒഴിവാക്കപ്പെടുമെന്ന ഭീതിയിൽ പലരും നിശബ്ദത പാലിക്കുകയാണെന്നും റിപ്പോർട്ടിൽ പറയുന്നു.

## നടിമാരുടെ മുറികളുടെ വാതിലിൽ മുട്ടുന്നത് പതിവ്, ഒറ്റയ്ക്ക് താമസിക്കാൻ ഭയമെന്ന് മൊഴി

തിരുവനന്തപുരം: സിനിമയെ വെല്ലുന്ന വില്ലത്തരങ്ങൾ മലയാള ചലച്ചിത്ര രംഗത്തുണ്ടെന്ന് ഹേമ കമ്മിറ്റി റിപ്പോർട്ട്. ഒറ്റയ്ക്ക് ഹോട്ടൽമുറിയിൽ കഴിയാൻ സ്ത്രീകൾക്ക് ഭയമാണെന്നാണ് നടിമാരുടെ മൊഴി.

പല രാത്രികളിലും സിനിമയിലെ തന്നെ പുരുഷൻമാർ നിരന്തരം വാതിലിൽ ശക്തിയായി ഇടിക്കാറുണ്ട്. വാതിൽ തകർത്ത് ഇവർ അകത്തേക്ക് കയറുമെന്ന് ഭയപ്പെടുന്ന അവസരങ്ങളുണ്ടായി. ഇതിനാൽ മാതാപിതാക്കൾക്കൊപ്പമാണ് മിക്കവരും ഷൂട്ടിംഗിനെത്തുന്നത്. സംരക്ഷിക്കാൻ ആളില്ലെങ്കിൽ ലൊക്കേഷൻ സുരക്ഷിതമല്ലെന്നും മൊഴികളുണ്ട്.





സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ ജീവനക്കാർക്ക് സദ്ഭാവനാദിന പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു

# സമഗ്ര പ്ലസ് പോർട്ടൽ പരിശീലനത്തിന് തുടക്കമായി

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 'സമഗ്ര' പോർട്ടലിന്റെ പരിഷ്കരിച്ച രൂപമായ കൈറ്റ് തയ്യാറാക്കിയ 'സമഗ്ര പ്ലസ്' പോർട്ടലിൽ അധ്യാപകർക്കുള്ള പരിശീലനം ആരംഭിച്ചു. പുതിയ പാഠപുസ്തകങ്ങൾക്കനുസരിച്ച് 5, 7, 9 ക്ലാസുകളിലേക്കുള്ള ഡിജിറ്റൽ വിഭവങ്ങളാണ് സമഗ്ര പ്ലസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആദ്യം ഒൻപതാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകർക്കാണ് ആഗസ്റ്റ് മാസത്തിൽ പരിശീലനം പൂർത്തിയാക്കുന്നത്.

ക്ലാസ് റൂമിലെ പഠന പ്രക്രിയയിൽ അധ്യാപകരെ സഹായിക്കുന്ന പോലെ തന്നെ കുട്ടിയുടെ സ്വയം പഠനത്തിനും സ്വയം വിലയിരുത്തലിനും സഹായിക്കുന്ന തരത്തിൽ കുട്ടികൾക്കുള്ള പ്രത്യേക 'പഠനമുറി' (Learning Room) സംവിധാനമാണ് സമഗ്ര പ്ലസിലെ സവിശേഷത. കുട്ടിക്ക് കൈത്താങ്ങ് നൽകാൻ രക്ഷിതാക്കളെക്കൂടെ സഹായിക്കുന്ന വിധത്തിലാണ് സമഗ്രപ്ലസിലെ പ്രവർത്തനങ്ങളും ഡിജിറ്റൽ വിഭവങ്ങളും തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ഭാഷാ വിഷയങ്ങൾക്കായി പാഠഭാഗങ്ങളുടെ ശബ്ദലേഖനങ്ങൾ (ജീററമരെ) സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

പഠന ലക്ഷ്യം കൈവരിക്കാൻ കുട്ടിയെ സഹായിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ, ഇതിന് ഓരോന്നിനും ആവശ്യമായ ചിത്രങ്ങൾ, ഓഡിയോ, വീഡിയോ, പ്രസന്റേഷനുകൾ, ഇന്ററാക്ടീവ് വിഭവങ്ങൾ, വർക്ക്ഷീറ്റുകൾ എന്നിവ അധ്യാപകരുടെ ലോഗിനിൽ ലഭ്യമാണ്. ഇതിനു പുറമേ കുട്ടിയെ വിലയിരുത്തി നിരന്തര പിന്തുണ നൽകുന്നതിനുള്ള സൂചകങ്ങളും, തുടർപഠനപ്രവർത്തനങ്ങൾക്കുള്ള വിഭവങ്ങളും, ചോദ്യബാങ്കുകളും സമഗ്ര പ്ലസിൽ അധ്യാപകർക്ക് ലഭിക്കും. 2017 മുതലുള്ള എസ്.എസ്.എൽ.സി ചോദ്യങ്ങളും അവയുടെ ഉത്തരസൂചകങ്ങളും ചോദ്യബാങ്കിൽ ഉൾപ്പെടുത്തി കുട്ടികൾക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. പഠനലക്ഷ്യങ്ങൾ പഠനാശയങ്ങളായി തിരിച്ച്, ഇവ പ്രക്രിയാബന്ധിതമായി കുട്ടികളിലേക്ക് എത്തിക്കുന്ന ചെറു വീഡിയോകളും കുട്ടികളുടെ പഠനമുറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലേക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും സമഗ്ര പ്ലസ് പോർട്ടലിൽ ലഭ്യമാണ്. www.samagra.kite.kerala.gov.in ആണ് പോർട്ടലിന്റെ വിലാസം.

# വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാം

കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലയിൽ അംഗത്വം ലഭിച്ച് ഒരു വർഷം പൂർത്തിയാക്കിയ തൊഴിലാളികളുടെ മക്കളിൽ 20232024 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ സ്റ്റേറ്റ് സിലബസിൽ എല്ലാ വിഷയത്തിലും എപ്ലസ്, സി ബി എസ് സി വിഭാഗത്തിൽ എ1, ഐസിഎസ്ഇ വിഭാഗത്തിൽ എല്ലാ വിഷയത്തിലും 90 ശതമാനത്തിലും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർഥികൾക്കും, 20232024 അധ്യയന വർഷത്തിൽ ഡിഗ്രി, പിജി (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) കോഴ്സുകളിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടി ഉന്നത വിജയം കൈവരിച്ച വിദ്യാർഥികൾക്കും കഴിഞ്ഞ അധ്യയന വർഷത്തിൽ കലാകായിക സാംസ്കാരിക രംഗങ്ങളിൽ പ്രാഗത്ഭ്യം ലഭിച്ച വിദ്യാർഥികൾക്കും ക്യാഷ് അവാർഡിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം ക്ഷേമനിധി അംഗത്തിന്റെ ക്ഷേമനിധി ഐഡി കാർഡ് കുട്ടിയുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെയും ഇപ്പോൾ പാസായ കോഴ്സിന്റെ മാർക്ക് ലിസ്റ്റുകളുടെയും സർട്ടിഫിക്കറ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കുട്ടിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ(1 എണ്ണം), സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നും കോഴ്സ് പൂർത്തിയാക്കുന്നവർ കേരളത്തിലെ സർവകലാശാല നൽകുന്ന തുല്യത സർട്ടിഫിക്കറ്റ് എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷകൾ ०००.ുലലറ ശസമ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31 ആണ്.

വിശദവിവരങ്ങൾക്ക് തിരുവനന്തപുരം ജില്ലാ ഓഫീസിലോ 0471 2572189 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

# സിദ്ധരാമയ്യക്ക് ആശ്വാസം: കീഴ്ക്കോടതി നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തു

ബംഗളൂരു: മൈസുരു അർബൻ ഡെവലപ്പ്മെന്റ് അഥോറിറ്റി (മുഡ) ഭൂമി അഴിമതി കേസിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർണർ നൽകിയ ഉത്തരവ് ഹൈക്കോടതി താത്കാലികമായി സ്റ്റേ ചെയ്തു.

ഗവർണറുടെ അനുമതിയിൽ സിദ്ധരാമയ്യയ്ക്കെതിരേ ഓഗസ്റ്റ് 29 വരെ യാതൊരുനടപടിയും ഉണ്ടാകാൻ പാടില്ലെന്ന് വിചാരണക്കോടതിക്ക് ഹൈക്കോടതി നിർദേശം നൽകി.പ്രതിയോ പങ്കാളിയോ അല്ലാത്ത ഭൂമി ഇടപാടിൽ തന്നെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയ ഗവർണർ തവർ ചന്ദ് ഗെഹ്!ലോട്ടിന്റെ നടപടി ചട്ടവിരുദ്ധമെന്ന് കാണിച്ചാണ് സിദ്ധരാമയ്യ ഹൈക്കോടതിയിൽ ഹർജി നൽകിയത്.ജനപ്രതിനിധികൾക്കുള്ള പ്രത്യേക കോടതിയിലെ കേസ് നടപടികൾ ഹൈക്കോടതി തടഞ്ഞു.

ജസ്റ്റീസ് നാഗപ്രസന്നയുടെ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

ഇന്ന് തന്നെ സിദ്ധരാമയ്യയെ അയോഗ്യനാക്കണം എന്നാവശ്യപ്പെട്ട് ജനപ്രതിനിധികളുടെ പ്രത്യേക കോടതിയിൽ പരാതിക്കാർ ഹർജി നൽകിയിരുന്നു.

കേസിൽ കീഴ്ക്കോടതി നടപടികൾ തടഞ്ഞത് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നത് കൊണ്ടാണെന്ന് ജസ്റ്റീസ് വ്യക്തമാക്കി.

കേസിന്റെ മെറിറ്റിലേക്ക് കടക്കില്ലെന്നും ഗവർണർക്ക് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമോ എന്നത് മാത്രമേ പരിശോധിക്കൂവെന്നും കോടതി വിശദീകരിച്ചു.

കേസുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ പരിശോധന ഗവർണർ നടത്തിയോ എന്നും പരിശോധിക്കുമെന്നും കോടതി പറഞ്ഞു. കേസ് വെള്ളിയാഴ്ച പരിഗണിക്കാനായി മാറ്റി.

മുതിർന്ന അഭിഭാഷകൻ മനു അഭിഷേക് സിംഗ്വിയാണ് സിദ്ധരാമയ്യയ്ക്ക് വേണ്ടി ഹാജരായത്.

# ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

സാംസ്കാരിക വകുപ്പിന്റെ കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ താഴെ പറയുന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് നിർദിഷ്ട യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകന്റെ പ്രായപരിധി 50 വയസ്. എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. പൂരിപ്പിച്ച അപേക്ഷകൾ സാംസ്കാരിക വകുപ്പധ്യക്ഷ കാര്യാലയം, അനന്തവിലാസം കൊട്ടാരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം 23, എന്ന വിലാസത്തിൽ ആഗസ്റ്റ് 31 നകം ലഭ്യമാക്കണം.

ഇലക്ട്രിഷ്യൻ കം പ്ലംബർ തസ്തികയ്ക്ക് ഇലക്ട്രിക്കൽ എൻജിനിയറിങ്ങിലുള്ള ഡിപ്ലോമ അല്ലെങ്കിൽ ഇവരുടെ അഭാവത്തിൽ നിശ്ചിത ട്രേഡിൽ ഐ.റ്റി.ഐ യിൽ നിന്നും പാസായ 18 മാസ സർട്ടിഫിക്കറ്റ് കോഴ്സും പ്ലംബിങ്, ഇലക്ട്രിക്കൽ ജോലികളിലുള്ള മുൻ പരിയചയവുമാണ് യോഗ്യത.

എ.സി പ്ലാന്റ് ഓപ്പറേറ്റർ തസ്തികയ്ക്ക് മെക്കാനിക്കൽ ഡിപ്ലോമയും ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിങ്ങിൽ 2 വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ ഇവരുടെ അഭാവത്തിൽ നിശ്ചിത ട്രേഡിൽ ഐ.റ്റി.ഐ യിൽ നിന്നും പാസായ 18 മാസ സർട്ടിഫിക്കറ്റ് കോഴ്സ് / മെക്കാനിക് റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിങ്ങും 5 വർഷ പ്രവൃത്തി പരിയവുമാണ് യോഗ്യത.

ഇലക്ട്രോണിക്സ് ടെക്നീഷ്യൻ തസ്തികയ്ക്ക് ഇലക്ട്രോണിക്സ് എൻജിനിയറിങ്ങിലുള്ള ഡിപ്ലോമ അല്ലെങ്കിൽ ഇവരുടെ അഭാവത്തിൽ നിശ്ചിത ട്രേഡിൽ ഐ.റ്റി.ഐ യിൽ നിന്നും പാസായ 18 മാസ സർട്ടിഫിക്കറ്റ് കോഴ്സും ഇലക്ട്രോണിക്സ് ജോലികളിലുള്ള മുൻപരിചയവുമാണ് യോഗ്യത.

ഗാർഡനർ തസ്തികക്ക് 7 ാം ക്ലാസിൽ താഴെ വിദ്യാഭ്യാസ യോഗ്യതയും ഗാർഡനിങ്ങിൽ ഏതെങ്കിലും ലിമിറ്റഡ് കമ്പനികളിലോ സർക്കാർ ഡിപ്പാർട്ട്മെന്റുകളിലോ ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. കൂടുതൽ വിവരങ്ങൾക്ക്: 04712478193, ഇമെയിൽ: culturedirectoratec@gmail.com.

# ഡോക്ടർമാരുടെ ഒഴിവ്

കൊല്ലം സർക്കാർ മെഡിക്കൽ കോളജിലെ സീനിയർ റസിഡന്റ് (ഓർത്തോപീഡിക്സ് ആൻഡ് പൾമണറി മെഡിസിൻ) തസ്തികയിലെ ഒഴിവുകളിലേക്ക് താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി വാക്ഇൻ ഇന്റർവ്യൂ ആഗസ്റ്റ് 21നും ജൂനിയർ റസിഡന്റ് ഇന്റർവ്യൂ 22നും രാവിലെ 11 മുതൽ നടക്കും. വിശദവിവരങ്ങൾക്ക്: www.gm-c-ko-l-l-am.e-du.in.

# വയനാടിനായി ഒന്നിക്കാം: മ്യൂസിക് ആൽബം പുറത്തിറക്കി

കേരള മീഡിയ അക്കാദമിയും സ്വരലയയും ചേർന്ന് തയ്യാറാക്കിയ യേശുദാസ് ആലപിച്ച വയനാടിനായി ഒന്നിക്കുന്ന സന്ദേശം ഉൾക്കൊള്ളുന്ന സാന്ത്വനഗീതം മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ മുൻ വിദ്യാഭ്യാസസാംസ്കാരിക മന്ത്രി എം എ ബേബി ഓഡിയോ മ്യൂസിക് ആൽബം ഏറ്റുവാങ്ങി.

"ഒന്നായ് നേരിടാം, കനലായ് തുണയായ് കേരളമേ പോരൂ" എന്നു തുടങ്ങുന്ന ഗാനം, വയനാടിന്റെ നൊമ്പരവും പുനർനിർമാണത്തിന്റെ പ്രതീക്ഷയും ഉൾച്ചേർന്നതാണ്. അസാധാരണവും അമ്പരപ്പിക്കുന്നതുമാണ് യേശുദാസിന്റെ ആലാപനമെന്ന് എം.എ ബേബി പറഞ്ഞു. റഫീഖ് അഹമ്മദിന്റേതാണ് വരികൾ. നാനക് മൽഹാർ, ചാരുകേശി എന്നീ രാഗങ്ങളുടെ സ്വരചലനങ്ങൾ ഉപയോഗിച്ചാണ് സംഗീതസംവിധായകൻ രമേശ് നാരായൺ ഗാനം ചിട്ടപ്പെടുത്തിയത്. അമേരിക്കയിലെ സ്റ്റുഡിയോയിൽ യേശുദാസും തിരുവനന്തപുരത്ത് തമലത്തുള്ള സ്റ്റുഡിയോയിലിരുന്ന് രമേശ് നാരായണനും മൂന്നരമണിക്കൂർ ചിലവഴിച്ചാണ് ഗാനം റെക്കോർഡ് ചെയ്തത്.

ഗാനം കേട്ടുകഴിഞ്ഞപ്പോൾ യേശുദാസിന്റെ സംഗീതത്തിന് പ്രായമില്ല എന്ന് തനിക്കു മനസ്സിലായെന്ന് രമേശ് നാരായൺ പറഞ്ഞു. കേരളത്തിനോടുള്ള യേശുദാസിന്റെ അതിരില്ലാത്ത സ്നേഹമാണ് പാട്ടിൽ ഉൾച്ചേർന്നിട്ടുള്ളത്.

ചലച്ചിത്ര സംവിധായകൻ ടി.കെ രാജീവ്കുമാറാണ് ആശയാവിഷ്കാരം. ദൃശ്യാവിഷ്കാരം നടത്തിയത് ചലച്ചിത്രകാരൻ വി പുരുഷോത്തമനാണ്. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു ക്രിയേറ്റീവ് ഹെഡ് ആണ്. ഗാനത്തിന് കോറസ് പാടിയത് മധുവന്തി, മധുശ്രീ, ഖാലിദ്, സിജുകുമാർ എന്നിവരാണ്.

മ്യൂസിക് ആൽബത്തിന്റെ പ്രകാശനചടങ്ങിൽ സ്വരലയ ജനറൽസെക്രട്ടറി ഇ.എം നജീബ്, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർ ടി.വി സുഭാഷ്, രമേശ് നാരായൺ, മധുശ്രീ, കെഎസ്എഫ്ഇ ചെയർമാൻ കെ.വരദരാജൻ, മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു എന്നിവർ പങ്കെടുത്തു. ഗാനത്തിന്റെ വീഡിയോ ആൽബം ഈ ആഴ്ച റിലീസ് ചെയ്യും.

# സ്ഥാപനാടിസ്ഥാനത്തിലുള്ള രണ്ടാം സ്പോട്ട് അഡ്മിഷൻ

202425 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ്/ Govt Cost sharing (IHRD/CAPE/ LBS)/ സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പോളിടെക്നിക് ഡിപ്ലോമ പ്രവേശനത്തിന്റെ സ്ഥാപനാടിസ്ഥാനത്തിലുള്ള രണ്ടാം സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 29 മുതൽ 31 വരെ അതതു സ്ഥാപനങ്ങളിൽ നടത്തും.

അപേക്ഷകർ www.polyadmission.org യിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലേയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷനുകൾ നൽകാം.

നിലവിൽ ഇതു വരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും ആഗസ്റ്റ് 21 മുതൽ ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാം. നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.or-g യിലെ Vacancy Position എന്ന ലിങ്ക് വഴി മനസിലാക്കാം. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും പുതുതായി അപേക്ഷ സമർപ്പിച്ചവരും ഒഴിവുകൾ ലഭ്യമായ പോളിടെക്നിക് കോളേജിൽ ഹാജരാകണം.

## ഫലം പ്രസിദ്ധീകരിച്ചു

ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തിയ സി.സി.പി (ഹോമിയോ) റെഗുലർ / സപ്ലിമെന്ററി പരീക്ഷ 2024 പുനർമൂല്യനിർണയ ഫലം ०००.ഴവാരേ.്യ ഴ യിൽ പ്രസിദ്ധീകരിച്ചു.

## താത്കാലിക നിയമനം

വയനാട് സർക്കാർ നഴ്സിങ് കോളജ് ട്യൂട്ടർ തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് പ്രതിമാസം 25,000 രൂപ ഏകീകൃത ശമ്പളത്തിൽ 202425 അധ്യയന വർഷത്തേക്ക് താത്കാലിക നിയമനം നടത്തും. ആഗസ്റ്റ് 22നാണ് കൂടിക്കാഴ്ച. സർക്കാർ/ സ്വാശ്രയ നഴ്സിങ് കോളജുകളിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കിയിരിക്കണം. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ആഗസ്റ്റ് 22ന് രാവിലെ 11ന് കോളജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന വാക്ഇൻഇന്റർവ്യൂവിൽ ഹാജരാകണം.

# അധ്യാപക ഒഴിവ്

തിരുവനന്തപുരത്ത് എയ്ഡഡ് സ്കൂളിൽ വിവിധ തസ്തികകളിൽ ഒഴിവുണ്ട്. എച്ച്.എസ്.ടി മലയാളം വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായ് (കാഴ്ചപരിമിതി1) സംവരണം ചെയ്ത തസ്തികയിൽ, മലയാളത്തിൽ ബിരുദം, ബി.എഡ്./ ബിടി/ എൽ.ടി, യോഗ്യത പരീക്ഷ വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്കാണ് അവസരം. ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായ് (കാഴ്ച പരിമിതി 1) സംവരണം ചെയ്ത് തസ്തികയിൽ ഹിന്ദി ബിരുദമുള്ളവർക്കാണ് അവസരം. യോഗ്യത പരീക്ഷ അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. യു.പി സ്കൂൾ ടീച്ചർ വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായ് (കേൾവിക്കുറവ് 1) സംവരണം ചെയ്ത് തസ്തികയിൽ, ടി.ടി.സി, ഡി.എഡ് അല്ലെങ്കിൽ എതെങ്കിലും ഒരു വിഷയത്തിൽ ബിരുദവും ബി.എഡ് വിജയവും, യോഗ്യത പരീക്ഷ വിജയം അല്ലെങ്കിൽ തത്തുല്യം ഉള്ളവർക്ക് അവസരമുണ്ട്. 18 നും 40 നുമിടയിലാവണം പ്രായം. ഭിന്നശേഷിക്കാർക്ക് നിയമാനുസൃത വയസിളവ് ലഭിക്കും. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 20 നകം പേര് രജിസ്റ്റർ ചെയ്യണം.

# ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

പ്രൊഫഷണൽ ഡിഗ്രി ഇൻ നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ ഒന്നാം ഘട്ട അലോട്ട്മെന്റ് www.l-b-sc-e-tnr-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ടെടുത്ത ഫീപെയ്മെന്റ് സ്ലിപ്പ് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ഹാജരാക്കി 2024 ആഗസ്റ്റ് 22 നകം നിർദ്ദിഷ്ട ഫീസ് ഒടുക്കേണ്ടതാണ്. ഓൺലൈനായും ഫീസ് ഒടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കപ്പെടേണ്ടതില്ലെങ്കിൽ അവ ഓപ്ഷൻ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ഫീസ് അടയ്ക്കാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുകയും അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതുമല്ല. ഫീസ് അടച്ചവർ കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതില്ല. രണ്ടാം ഘട്ട അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ പുന:ക്രമീകരണം 2024 ആഗസ്റ്റ് 22, അഞ്ചു മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 04712560363,64 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.




കെ എസ് എഫ് ഇ ഗാലക്സി ചിട്ടികളുടെ ശാഖാതല ഓണക്കോടി സമ്മാന വിതരണവും ഓണം ഖാദി മേളയുടെ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മന്ത്രി കെ എൻ ബാലഗോപാൽ സമീപം

# സന്നദ്ധസേന ആപ്പ് തയ്യാറായി

കേരളത്തിലെ സന്നദ്ധ പ്രവർത്തകരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന്റെ സന്നദ്ധസേന ആപ്ലിക്കേഷൻ സജ്ജമായി. മുഖ്യമന്ത്രി പിണറായി വിജയൻ മൊബൈൽ ആപ്പ് ഉദ്ഘാടനം ചെയ്തു. സന്നദ്ധപ്രവർത്തകർക്ക് രജിസ്റ്റർ ചെയ്യുന്നതിനും പരിപാടികളുടെയും പരിശീലനങ്ങളുടെയും വിവരങ്ങൾ കൃത്യമായി അറിയുന്നതിനും ദുരന്തസാഹചര്യങ്ങളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആപ്പ് സഹായിക്കും. ദുരന്തസാഹചര്യങ്ങളെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ്, രക്തദാനം, പാലിയേറ്റീവ് പരിചരണം എന്നിവയിലൂടെ സന്നദ്ധസേന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അതിലൂടെ സോഷ്യൽ ക്രെഡിറ്റ് പോയിന്റുകൾ നേടാനും ആപ്പിലൂടെ കഴിയും. മൊബൈൽ ആപ്പ് വരുന്നതോടെ വോളന്റീയർമാരുടെ പ്രവർത്തനങ്ങൾക്ക് സോഷ്യൽ ക്രെഡിറ്റ് സംവിധാനത്തിലൂടെ അംഗീകാരം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും. ആപ്പ് ഡൗൺലോഡ് ചെയ്യാനുള്ള ലിങ്ക്: https://play.google.com/store/apps/details?id=com.wb.sannadhasena.



കേരളമേ പോരൂ സാന്ത്വനഗീതം മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു

### 26 കിലോ സ്വർണവുമായി ബാങ്ക് മാനേജർ മുങ്ങി

കോഴിക്കോട്: 26 കിലോ സ്വർണവുമായി ബാങ്ക് മാനേജർ മുങ്ങി. ബാങ്ക് ഓഫ് മഹാരാഷ്ട്ര വടകര ശാഖയിലാണ് കോടികളുടെ തട്ടിപ്പ് നടന്നത്. തമിഴ്നാട് സ്വദേശി മധു ജയകുമാറാണ് തട്ടിപ്പ് നടത്തിയതെന്ന് പോലീസ് പറഞ്ഞു. മുക്കുപണ്ടംവച്ചതിനുശേഷമാണ് ഇയാൾ തട്ടിപ്പ് നടത്തിയത്. മാനേജരുടെ സ്ഥലംമാറ്റത്തോടെയാണ് 17 കോടി രൂപയുടെ തട്ടിപ്പ് പുറത്തായത്. കഴിഞ്ഞ മാസം ജയകുമാറിനെ പാലാരിവട്ടം ശാഖയിലേക്ക് സ്ഥലം മാറ്റിയിരുന്നു. പുതുതായി ചാർജെടുത്ത മാനേജർ ഇർഷാദ് നടത്തിയ പരിശോധനയിലാണ് തട്ടിപ്പ് പുറത്തായത്. ബാങ്കിൽ പണയം വച്ച സ്വർണ ഉരുപ്പടികൾക്ക് പകരം മുക്ക് പണ്ടം വച്ചായിരുന്നു തട്ടിപ്പ്.

# വിവാദ ആൾദൈവം ആശാറാം ബാപ്പുവിന് പരോൾ

ജയ്പൂർ: വിവാദ ആൾദൈവം ആശാറാം ബാപ്പുവിന് ഏഴ് ദിവസം പരോൾ അനുവദിച്ചു. ചികിത്സയ്ക്കായി രാജസ്ഥാൻ ഹൈക്കോടതിയാണ് ആശാറാമിന് പരോൾ അനുവദിച്ചത്. പൊലീസ് കസ്റ്റഡിയിൽ മഹാരാഷ്ട്രയിലാണ് ചികിത്സ നടത്തുക. ജാമ്യം അനുവദിച്ചാൽ ക്രമസമാധാനം തകരുമെന്ന് ചൂണ്ടിക്കാട്ടി ഇതിന് മുമ്പ് രണ്ട് തവണ ഹൈക്കോടതി ആശാറാം സമർപ്പിച്ച ഹർജികൾ തള്ളിയിരുന്നു. ആശ്രമത്തിൽവച്ച് കൗമാരക്കാരിയെ ബലാത്സംഗത്തിനിരയാക്കിയ കേസിലാണ് ആശാറാം ബാപ്പുവിനെ ജോധ്പൂരിലെ പോക്സോ കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചത്. നിലവിൽ ജോധ്പൂർ സെൻട്രൽ ജയിലിൽ ജീവപര്യന്തം ശിക്ഷ അനുഭവിക്കുകയാണ് ആശാറാം ബാപ്പു. കഴിഞ്ഞ വർഷം സൂറത്തിലെ ആശ്രമത്തിൽ വച്ച് സ്ത്രീയെ ബലാത്സംഗം ചെയ്ത കുറ്റത്തിന് ഗുജറാത്തിലെ വിചാരണ കോടതി ആശാറാമിനെ ശിക്ഷിച്ചിരുന്നു. മാർച്ചിൽ ആരോഗ്യകാരണങ്ങൾ ചൂണ്ടിക്കാട്ടി ശിക്ഷ റദ്ദാക്കണമെന്ന ആവശ്യം രാജസ്ഥാൻ ഹൈക്കോടതി തള്ളിയതിനെതിരെ ആശാറാം ബാപ്പു സുപ്രീം കോടതിയെ സമീപിച്ചിരുന്നു. എന്നാൽ സുപ്രീം കോടതിയും അപേക്ഷ തള്ളുകയായിരുന്നു.

### ഷേഖ് ഹസീനയ്ക്കെതിരെ വീണ്ടും കേസ്

ധാക്ക: അഭിഭാഷകന്റെ തിരോധാനവുമായി ബന്ധപ്പെട്ട് ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷേഖ് ഹസീനയ്ക്കെതിരെ കേസ്. സുപ്രീം കോടതി അഭിഭാഷകൻ സൊഹെൽ റാണ നൽകിയ പരാതിയിൽ കേസെടുക്കാൻ ധാക്ക മെട്രോപൊളിറ്റൻ കോടതിയാണ് ഉത്തരവിട്ടത്. ഹസീനയ്ക്കെതിരെ ചുമത്തുന്ന രണ്ടാമത്തെ കേസാണിത്. മുൻ മന്ത്രിമാരായ അസദുസമാൻ ഖാൻ, അനിസുൽ ഹഖ്, മുൻ ഐജി ഷാഹിദുൽ ഹഖ്, റാപ്പിഡ് ആക്ഷൻ ബറ്റാലിയൻ മുൻ ഡയറക്ടർ ജനറൽ ബേനസീർ അഹമ്മദ് എന്നിവരെയും പ്രതിചേർത്തിട്ടുണ്ട്.

# 25,000 ലധികം ഖാദി ഉത്പന്നങ്ങൾ കെ.എസ്.എഫ്.ഇ സമ്മാനമായി നൽകുന്നത് മാതൃകാപരം: മുഖ്യമന്ത്രി

## ഗ്യാലക്സി ചിട്ടികളുടെ ശാഖാതല സമ്മാന വിതരണത്തിന് തുടക്കമായി ഓണം ഖാദി മേളയ്ക്ക് തുടക്കം

കെ എസ് എഫ് ഇ നടത്തുന്ന ഗ്യാലക്സി ചിട്ടികളുടെ ശാഖാതല സമ്മാനങ്ങളായി ഓരോ ചിട്ടിയിലും പത്തിൽ ഒരാൾക്ക് 3,500 രൂപ വിലവരുന്ന ഖാദി വസ്ത്രങ്ങൾ നൽകുന്നത് മാതൃകാപരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കെ എസ് എഫ് ഇ ഗാലക്സി ചിട്ടികളുടെ ശാഖാതല ഓണക്കോടി സമ്മാന വിതരണവും ഓണം ഖാദി മേളയുടെ സംസ്ഥാനതല ഉദ്ഘാടനവും തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

25,000 ത്തിലധികം ഖാദി വസ്ത്രങ്ങളാണ് ഇതിലൂടെ വിതരണം ചെയ്യപ്പെടുന്നത്. മലയാളിയുടെ നിത്യജീവിതവുമായി ഇഴചേർന്നു കിടക്കുന്ന ഒരു സ്ഥാപനമാണ് കെ എസ് എഫ് ഇ. ഏത് സാമ്പത്തിക ആവശ്യത്തിനും ആശ്രയിക്കാവുന്ന സ്ഥാപനം ഏത് എന്ന് ചോദിച്ചാൽ ചുരുക്കം ചില പേരുകൾ മാത്രമേ നമുക്ക് ഓർമ്മ വരികയുള്ളൂ. അതിലൊന്നാണ് കെ എസ് എഫ് ഇ. ഈ ഓണക്കാലത്ത് ഖാദി ബോർഡുമായി ചേർന്ന് ഇത്തരമൊരു സംരംഭത്തിന് കെ എസ് എഫ് ഇ മുൻകൈയെടുത്തുവെന്നത് ശ്രദ്ധേയമാണ്. തീർച്ചയായും ഖാദിമേഖലയ്ക്കാകെ ഉണർവ്വ് പകരുന്നതാവും ഈ ഇടപെടലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഓണം ഖാദിമേളയുടെ ഭാഗമായി ഓണക്കാലത്ത് 30 ശതമാനം വരെ വിലക്കിഴിവിൽ ഖാദി വസ്ത്രങ്ങൾ ഖാദി ബോർഡിന്റെയും അംഗീകൃത ഖാദി സ്ഥാപനങ്ങളുടെയും ഷോറൂമുകളിൽ നിന്നും ഗുണഭോക്താക്കൾക്ക് ലഭിക്കും. ഖാദി ബോർഡ് ഏർപ്പെടുത്തിയിരിക്കുന്ന സമ്മാന കൂപ്പണുകൾ ഉപയോഗിച്ച് ഖാദി വസ്ത്രങ്ങൾ വാങ്ങാനാകും. സർക്കാർ, അർദ്ധസർക്കാർ, ബാങ്ക്, പൊതുമേഖലാ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് വ്യവസ്ഥയിൽ ഖാദി ഗ്രാമ വ്യവസായ ഉത്പന്നങ്ങൾ വാങ്ങുവാൻ കഴിയും.

ഒരു വ്യാവസായിക ഉത്പന്നം എന്നതിലുപരി ഖാദിക്ക് സാംസ്കാരികവും രാഷ്ട്രീയവുമായ വലിയ പ്രാധാന്യം കൂടിയുണ്ട്. 'നമ്മൾ നൂറ്റ നൂലുകൊണ്ട് നമ്മൾ നെയ്ത വസ്ത്രം കൊണ്ട്, നിർമ്മിതം ഇത് അനീതിക്കൊരന്ത്യാവരണം' എന്നാണ് അന്ന് മലയാളി പാടിയത്. അതുകൊണ്ടുതന്നെ നമ്മുടെ സംസ്കാരവുമായും ചരിത്രവുമായും ഒക്കെ ഇഴപിരിയാത്ത ബന്ധം ഖാദിക്കുണ്ട്. വൈദേശികാധിപത്യത്തിൽ നിന്നു മോചനം നേടാനായി നമ്മുടെ നാട് നടത്തിയ സമരങ്ങളിൽ ഒരായുധമായി പ്രയോഗിക്കപ്പെട്ട ഉത്പന്നമാണ് ഖാദി.

കേരളത്തിലെ ഖാദി തൊഴിലാളികൾക്ക് ഉത്പാദന ഇൻസെന്റീവും ഇൻകം സപ്പോർട്ടും സംസ്ഥാന നൽകുന്നുണ്ട്. ഇന്ത്യയിൽ ഇത്തരത്തിൽ സഹായം നൽകുന്ന മറ്റൊരു സംസ്ഥാനവും ഇല്ല. ഖാദിതൊഴിലാളികൾക്കുള്ള ഒരു ക്ഷേമനിധി ബോർഡും കേരളം രൂപീകരിച്ചിട്ടുണ്ട്. ഇതൊക്കെ ഖാദിതൊഴിലാളികളുടെ ക്ഷേമത്തിനായി നടത്തുന്ന ഇടപെടലുകളാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 130 കോടി രൂപയാണ് ഖാദിവ്യവസായത്തിന്റെ ഉന്നമനത്തിനായി ചിലവഴിച്ചത്.

ഖാദി നൂൽപ്പ്, നെയ്ത്ത് ഉപകരണങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് നിരവധി നടപടി സ്വീകരിച്ചു വരുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും യന്ത്രവൽക്കരണത്തിനും സൗരോർജം ഉപയോഗിക്കുന്നതടക്കമുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

ഖാദി ബോർഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിന്റെ ഭാഗമായി 48 സംഘങ്ങളിൽ ഭരണസമിതി രൂപീകരിച്ചു.

93 സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംരംഭകത്വ വികസന പദ്ധതികളുടെ ഭാഗമായി 2,214 ഖാദി യൂണിറ്റുകൾ ആരംഭിച്ചു. ഇതുവഴി 12,000 ത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.

നമ്മുടെ നാടിന് അനുയോജ്യമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ പരമ്പരാഗത വ്യവസായങ്ങളെയും സംരക്ഷിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

പരമ്പരാഗത വ്യവസായങ്ങൾ മുന്നേറണമെങ്കിൽ നവീനമായ കാഴ്ചപ്പാടോടെയുള്ള ഇടപെടലുകൾ നടത്തേണ്ടതുണ്ട്. സർക്കാർ തലത്തിലെ ഇടപെടലുകൾക്കൊപ്പം ഈ മേഖലയിൽ തൊഴിലെടുക്കുന്നവർ ഉൾപ്പെടെയുള്ളവർക്ക് കൂട്ടായ സഹകരണത്തിലൂടെ മാത്രമേ മുന്നേറാനാകൂ എന്ന് മുഖ്യമന്ത്രി പറഞ്ഞു.

വയനാട് ദുരന്ത ബാധിതർക്കായി ഖാദി ബോർഡിന്റെ 10 ലക്ഷം രൂപയുടെ ചെക്ക് ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ മുഖ്യമന്ത്രിക്ക് കൈമാറി. വിവിധ ഖാദി സംഘടനകളും ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന മുഖ്യമന്ത്രിയ്ക്ക് കൈമാറി. ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ എസ് എഫ് ഇ ചെയർമാൻ കെ വരദരാജൻ, ഖാദി ബോർഡ് വൈസ് ചെയർമാൻ പി ജയരാജൻ, വാർഡ് കൗൺസിലർ പാളയം രാജൻ, കെ എസ് എഫ് ഇ മാനേജിംഗ് ഡയറക്ടർ ഡോ.സനിൽ എസ് കെ, ഖാദി ബോർഡ് മാർക്കറ്റിംഗ് ഡയറക്ടർ സി സുധാകരൻ,എസ് അരുൺ ബോസ്, എസ് സുശീലൻ എസ് വിനോദ്, ടി ബൈജു, ബി എസ് രാജീവ് എന്നിവർ സംബന്ധിച്ചു.

# മകൻ ജാതി മാറി പ്രണയിച്ചതിന് അമ്മയെ കൂട്ടബലാത്സംഗത്തിനിരയാക്കി; സംഭവം തമിഴ്നാട്ടിൽ

ധർമപുരി: തമിഴ്നാട്ടിൽ മകൻ ഗൗണ്ടർ വിഭാഗത്തിലെ പെൺകുട്ടിയെ പ്രണയിച്ചതിന് അമ്മയെ കൂട്ടബലാത്സംഗത്തിനിരയാക്കി.

വിവാഹത്തിന് വീട്ടുകാർ എതിർത്തതോടെ ഇരുവരും ഒളിച്ചോടിയിരുന്നു. ഇതിന്റെ പ്രതികാരമായാണ് ക്രൂരത.

തമിഴ്നാട് ധർമപുരിയിൽ ഓഗസ്റ്റ് 14 നാണ് സംഭവം. ഇരുവരും ഒളിച്ചോടിയതറിഞ്ഞ പെൺകുട്ടിയുടെ വീട്ടുകാരും ബന്ധുക്കളും ചേർന്ന് യുവാവിന്റെ പിതാവിനെ ക്രൂരമായി മർദിക്കുകയായിരുന്നു. ഇത് തടയാനെത്തിയപ്പോഴായിരുന്നു അമ്മയ്ക്ക് നേരെ അതിക്രമം നടത്തിയത്.

ഇവരെ വിവസ്ത്രയാക്കി അപമാനിച്ച ശേഷം തട്ടിക്കൊണ്ടുപോകുകയായിരുന്നു. കാട്ടിനുള്ളിൽ കൊണ്ടുപോയി മദ്യം നൽകിയ ശേഷം കൂട്ടബലാത്സംഗത്തിനിരയാക്കി.

സംഭവത്തിന് ശേഷം പരാതി നൽകിയെങ്കിലും ആദ്യം പോലീസ് കേസെടുക്കാൻ തയാറായില്ലെന്നും ആരോപണമുണ്ട്. പിന്നീട് കേസെടുത്തെങ്കിലും ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

# വളർത്തുമകളെ പീഡിപ്പിച്ചു, കൊലപ്പെടുത്താൻ ശ്രമം; രണ്ടാനച്ഛന് 20 വർഷം കഠിന തടവ്

ലക്നോ: ഉത്തർപ്രദേശിൽ പ്രായപൂർത്തിയാകാത്ത വളർത്തുമകളെ പീഡിപ്പിച്ച കേസിൽ രണ്ടാനച്ഛന് 20 വർഷം കഠിന തടവും 50,000 രൂപ പിഴയും.

കുറ്റക്കാരനായ രണ്ടാനച്ഛൻ രാകേഷിന് സ്പെഷ്യൽ ജഡ്ജി (പോക്സോ ആക്ട്) പരുൾ വർമ 20 തടവും 50,000 രൂപ പിഴയും വിധിച്ചതായി അഡീഷണൽ ജില്ലാ സർക്കാർ അഭിഭാഷകൻ (എഡിജിസി) ദേവേഷ് ചന്ദ്ര ത്രിപാഠി പറഞ്ഞു.

2019 സെപ്തംബർ ഒൻപതിന് രാത്രി മദ്യലഹരിയിലായിരുന്ന തന്റെ ഭർത്താവ് രാകേഷ്, രാത്രിയുടെ മറവിൽ പത്തുവയസുകാരിയായ മകളെ പീഡിപ്പിച്ചുവെന്ന് പരാതിക്കാരി പോലീസിനോടു പറഞ്ഞു.

മകൾ വേദന കൊണ്ട് നിലവിളിച്ചപ്പോൾ, പരാതിക്കാരി ലൈറ്റ് ഓണാക്കി. ഈ സമയം തന്റെ ഭർത്താവ് മകളെ ഗ്യാസ് പൈപ്പ് ഉപയോഗിച്ച് കഴുത്ത് ഞെരിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുന്നതായി കണ്ടെത്തിയെന്നും ഇവർ പോലീസിനോടു വ്യക്തമാക്കി.

മൂന്ന് വർഷമായി രണ്ടാനച്ഛൻ തന്നെ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നുവെന്ന് പെൺകുട്ടിയും പറഞ്ഞു. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസെടുത്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു.

# ബലാത്സംഗക്കൊല: ഡോക്ടറുടെ ശരീരത്തിൽ 14ൽ അധികം മുറിവുകൾ; പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്ത്

കോൽക്കത്ത: പശ്ചിമ ബംഗാളിലെ ആർജി കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ബലാത്സംഗത്തിന് ഇരയായി കൊല്ലപ്പെട്ട വനിതാ ഡോക്ടറുടെ മൃതദേഹത്തിൽ 14ൽ അധികം മുറിവുകൾ. പോസ്റ്റ്മോർട്ടം റിപ്പോർട്ടിലാണ് മുറിവുകളെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത്.

തല, കവിളുകൾ, ചുണ്ടുകൾ, മൂക്ക്, വലത് താടിയെല്ല്, താടി, കഴുത്ത്, ഇടതു കൈ, തോൾ, കാൽമുട്ട്, കണങ്കാൽ എന്നിവയിലും സ്വകാര്യ ഭാഗങ്ങളിലുമാണ് മുറിവുകൾ. ഇവയെല്ലാംതന്നെ മരണത്തിന് മുമ്പ് ഉണ്ടായ മുറിവുകളാണെന്നും ലൈംഗികാതിക്രമത്തിനുള്ള സാധ്യതയാണ് ഇതു വ്യക്തമാക്കുന്നതെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു.

കൈകൊണ്ട് കഴുത്ത് ഞെരിച്ച് ശ്വാസംമുട്ടിച്ചതാണ് മരണകാരണം. ശ്വാസകോശത്തിലെ രക്തസ്രാവവും ശരീരത്തിൽ പലയിടത്തും രക്തം കട്ടപിടിച്ചതും റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ ഒടിവിന്റെ ലക്ഷണങ്ങളില്ല. കൂടുതൽ പരിശോധനയ്ക്കായി രക്തത്തിന്റെയും മറ്റു ശരീര സ്രവങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു.

പോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനി ഡോക്ടറെ ഈ മാസം ഒൻപതിനാണ് ആശുപത്രിയിലെ സെമിനാർ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. രാജ്യമൊട്ടാകെ വ്യാപകമായ രോഷമാണ് സംഭവത്തിൽ ഉയർന്നത്.

അറസ്റ്റിലായ കോൽക്കത്ത പോലീസിലെ സിവിൽ വോളൻറിയറായ സഞ്ജയ് റോയിക്കു പുറമേ മറ്റാർക്കെങ്കിലും കൊലപാതകത്തിൽ പങ്കുണ്ടോയെന്നതിൽ തെളിവുകൾ ലഭിച്ചിട്ടില്ല.

യുവതിയുടെ നഖത്തിൽനിന്നു കിട്ടിയ ത്വക്കിന്റെ ഭാഗങ്ങൾ പ്രതിയുടേതാണെന്നു വ്യക്തമായിട്ടുണ്ട്. അതേസമയം, കേസിൽ വൻ സ്രാവുകളുണ്ടെന്നു ഡോക്ടറുടെ മാതാപിതാക്കളും സഹപ്രവർത്തകരും ആരോപിക്കുന്നു. കൊല്ലപ്പെട്ട ഡോക്ടർക്ക് 'പല കാര്യങ്ങളും' അറിയാമായിരുന്നു എന്നാണു സഹപ്രവർത്തകർ പറയുന്നത്.

ഇതിന്റെ പേരിലാണോ കൊലപാതകമെന്നു സംശയിക്കണമെന്നും അവർ പറഞ്ഞു.

ജനരോഷത്തിനിടയിൽ മെഡിക്കൽ കോളജ് ആശുപത്രി പ്രിൻസിപ്പൽ സന്ദീപ് ഘോഷ് രാജിവച്ചിരുന്നു. സിബിഐ ആണ് കേസ് അന്വേഷിക്കുന്നത്.

# ഗ്രാമീൺ ബാങ്കിനെതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

കൽപ്പറ്റ: ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് സർക്കാർ അനുവദിച്ച ധനസഹായത്തിൽ നിന്ന് വായ്പ തിരിച്ചടവ് ഈടാക്കിയ കേരള ഗ്രാമീൺ ബാങ്കിനെതിരെ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.ബാങ്കിന്റെ ചൂരൽമല ശാഖയിൽ നിന്നും വായ്പയെടുത്തവരിൽ നിന്നാണ് പ്രതിമാസ തിരിച്ചടവ് ഈടാക്കിയതെന്നാണ് പരാതി. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന 10 പേരാണ് ബാങ്കിനെതിരെ രംഗത്തെത്തിയത്. സർക്കാർ ധനസഹായം ബാങ്കിലെത്തിയതിന് പിന്നാലെയാണ് ബാങ്ക് വായ്പ തിരിച്ചു പിടിച്ചത്.സംഭവത്തിൽ ജില്ലാ കളക്ടറും കേരള ഗ്രാമീൺ ബാങ്ക് ചൂരൽമല ബ്രാഞ്ച് മാനേജരും ഒരാഴ്ചക്കകം വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. സുൽത്താൻ ബത്തേരിയിൽ നടക്കുന്ന അടുത്ത സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

### വാക് ഇൻ ഇന്റർവ്യൂ

ഷൊർണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിങ് ടെക്നോളജി ആൻഡ് ഗവ. പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ വിഭാഗം ഗസ്റ്റ് ലക്ചറർ, ഗസ്റ്റ് ട്രേഡ്സ്മാൻ എന്നീ തസ്തികകളിലെ ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തും. താത്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ, ഫോട്ടോ എന്നിവ സഹിതം ആഗസ്റ്റ് 19ന് രാവിലെ 11ന് കോളേജിൽ ഹാജരാകണം.

# വിദേശത്തേയ്ക്ക് അവസരങ്ങളുമായി നോർക്ക നഴ്സിങ് രജിസ്ട്രേഷന് തുടക്കമായി. ഇപ്പോൾ രജിസ്റ്റർ ചെയ്യാം

വിവിധ വിദേശരാജ്യങ്ങളിലെ ആരോഗ്യമേഖലയിൽ വിവിധ സ്പെഷ്യാലിറ്റികളിലെ നഴ്സിങ് പ്രൊഫഷണലുകൾക്ക് അവസരമൊരുക്കുന്ന നോർക്ക റൂട്ട്സ് രജിസ്ട്രേഷന് തുടക്കമായി. നഴ്സിങിൽ ഡിപ്ലോമ, ബിരുദം, പോസ്റ്റ് ബി.എസ്.സി വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് രജിസ്റ്റർ ചെയ്യാമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അറിയിച്ചു. നിലവിൽ ജർമ്മനി (ട്രിപ്പിൾ വിൻ), യു.കെ (ഇംഗ്ലണ്ട്, വെയിൽസ്), കാനഡ (ന്യൂ ഫോണ്ട്ലൻഡ് & ലാബ്രഡോർ പ്രവിശ്യ), സൗദി അറേബ്യയിലെ ആരോഗ്യമന്ത്രാലയം, കുവൈറ്റ് എന്നിവിടങ്ങളിലേയ്ക്കാണ് നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റുകൾ. ഠഠഠ.ിശൃസമ.ീൃഴ വെബ്സൈറ്റ് സന്ദർശിച്ച് ബയോഡാറ്റ അപ്ലോഡ് ചെയ്ത് ആവശ്യമുള്ള വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്. ജോലി ചെയ്യാൻ താൽപര്യമുള്ള രാജ്യങ്ങൾക്കും മുൻഗണന നൽകാം. അധിക ഭാഷാ യോഗ്യതകൾ മറ്റ് യോഗ്യതകൾ എന്നിവ നൽകാനും സംവിധാനമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 04712770536, 539, 540, 577 എന്നീ നമ്പറുകളിലോ (ഓഫീസ് സമയത്ത്, പ്രവൃത്തി ദിനങ്ങളിൽ) 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91 8802 012 345 (വിദേശത്തു നിന്നും, മിസ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

### വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാം

കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലുള്ള പദ്ധതി അംഗങ്ങളുടെ മക്കൾക്ക് 202425 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 സെപ്റ്റംബർ 20 വരെ ദീർഘിപ്പിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2578820. ഇമെയിൽ: unor-g-an-i-se-dw-ssb-tvm@gm-a-i-l.com.

# കാൽപാദം മസാജ് ചെയ്ത് തരണമെന്ന ആവശ്യം നിരസിച്ചു; യുവാവ് പിതാവിനെ അടിച്ചു കൊന്നു

മുംബൈ: കാൽപാദം മസാജ് ചെയ്ത് തരണമെന്ന ആവശ്യം നിരസിച്ചതിലുള്ള ദേഷ്യത്തിൽ മകൻ പിതാവിനെ അടിച്ചു കൊന്നു. മഹാരാഷ്ട്രയിലെ നാഗ്പൂരിലാണ് സംഭവം.

62കാരനായ ദത്താത്രേയ ഷെൻഡെയെ മകൻ കുശാൽ ഷെൻഡെ(31) ആണ് കൊലപ്പെടുത്തിയത്. ഇയാൾ അറസ്റ്റിലാണ്.

ക്രിമിനൽ പശ്ചാത്തലമുള്ള കുശാൽ, തന്റെ പാദങ്ങൾ മസാജ് ചെയ്യാനുള്ള ആവശ്യം നിരസിച്ചതിനെ തുടർന്ന് പിതാവ് ദത്താത്രേയ ഷെൻഡെയുടെ നെഞ്ചിലും വയറിലും വാരിയെല്ലുകളിലും തലയിലും ചവിട്ടുകയും അടിക്കുകയും ചെയ്തുവെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.സംഘർഷത്തിൽ ഷെൻഡെയുടെ മൂത്തമകൻ പ്രണവ് ഇടപെടാൻ ശ്രമിച്ചെങ്കിലും കുശാൽ ഇയാളെ ഭീഷണിപ്പെടുത്തി. സഹായമഭ്യർഥിച്ച് അയൽവാസിയുടെ വീട്ടിലേക്ക് ഓടിയെത്തിയ പ്രണവ് തിരിച്ചെത്തിയപ്പോൾ പിതാവ് സാരമായ പരിക്കുകളോടെ ബോധരഹിതനായി കിടക്കുകയായിരുന്നു.ദാത്താത്രേയ ഷിൻഡയെ ഉടൻ തന്നെ മയോ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും മരിച്ചിരുന്നുവെന്ന് ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു. കൊലപാതകക്കുറ്റം ചുമത്തിയാണ് കുശാലിനെ അറസ്റ്റ് ചെയ്തത്. തിങ്കളാഴ്ച വരെ കോടതി ഇയാളെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# കേരളത്തിൻെറ ഐടി ആവാസവ്യവസ്ഥയുമായുള്ള പങ്കാളിത്തം ഊർജ്ജിതമാക്കാൻ യൂറോപ്പിലെ ജർമ്മൻ ഭാഷാ മേഖല

### ഓസ്ട്രിയൻ ട്രേഡ് കമ്മീഷണറും കൊമേഴ്സ്യൽ കൗൺസിലറുമായ ഹാൻസ് ജോർഗ് ഹോർട്നാഗൽ ടെക്നോപാർക്ക് സന്ദർശിച്ചു

തിരുവനന്തപുരം: ഓസ്ട്രിയ ഉൾപ്പെടെയുള്ള യൂറോപ്പിലെ ജർമ്മൻ ഭാഷാ മേഖലകളിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകളുമായും ഐടി, ഐടി ഇതര കമ്പനികളുമായും തന്ത്രപരമായ പങ്കാളിത്തം ഉണ്ടാക്കുന്നത് വളരെയധികം പ്രയോജനം ചെയ്യുമെന്ന് ഓസ്ട്രിയൻ ട്രേഡ് കമ്മീഷണറും കൊമേഴ്സ്യൽ കൗൺസിലറുമായ ഹാൻസ് ജോർഗ് ഹോർട്നാഗൽ പറഞ്ഞു. ടെക്നോപാർക്ക് സന്ദർശന വേളയിൽ ടെക്നോപാർക്ക് ഉദ്യോഗസ്ഥരുമായും ജിടെക്, കെഎസ്‌യുഎം, ഐസിടി അക്കാദമി പ്രതിനിധികളുമായും നടത്തിയ ആശയവിനിമയത്തിനിടെയാണ് ഹോർട്നാഗൽ ഇത് ചൂണ്ടിക്കാട്ടിയത്.

ഐടി, ഐടി ഇതര സേവനങ്ങളിൽ ഓസ്ട്രിയയുടെ മികച്ച പങ്കാളിയാകാൻ ഇന്ത്യക്ക് കഴിയുമെന്നും ഒന്നര വർഷത്തിനിടെ ഇന്ത്യയിൽ നിന്നുള്ള നാല് സ്റ്റാർട്ടപ്പ് പ്രതിനിധി സംഘങ്ങൾ ഓസ്ട്രിയ സന്ദർശിച്ചതായും അദ്ദേഹം പറഞ്ഞു.ടെക്നോപാർക്കിലെ കസ്റ്റമർ റിലേഷൻഷിപ്സ് ഡിജിഎം വസന്ത് വരദ, ഇന്ത്യയിലെ ആദ്യത്തെ ഐടി പാർക്കായ ടെക്നോപാർക്കിൻറെ നേട്ടങ്ങളെക്കുറിച്ചും സംസ്ഥാനത്തിൻറെ ഊർജ്ജസ്വലമായ ഐടി ആവാസവ്യവസ്ഥയെക്കുറിച്ചും വിശദമായ അവതരണം നടത്തി.



*ഓസ്ട്രിയൻ ട്രേഡ് കമ്മീഷണറും കൊമേഴ്സ്യൽ കൗൺസിലറുമായ ഹാൻസ് ജോർഗ് ഹോർട്നാഗൽ തിരുവനന്തപുരം ടെക്നോപാർക്ക് സന്ദർശിച്ചപ്പോൾ. ടെക്നോപാർക്കിലെ കസ്റ്റമർ റിലേഷൻഷിപ്സ് ഡിജിഎം വസന്ത് വരദ, ടെക്നോപാർക്ക് മാർക്കറ്റിംഗ് അസി. മാനേജർ ജോർജ് എബ്രഹാം, ഐസിടി അക്കാദമി കേരള സിഇഒ മുരളീധരൻ മണ്ണിങ്ങൽ, സംസ്ഥാന സർക്കാരിൻറെ ഐടി ഫെലോമാരായ വിഷ്ണു വി നായർ, ഭാമിനി, ദിവ്യ, പ്രജീത് പ്രഭാകരൻ, ജിടെക് സിഇഒ ഈപ്പൻ ടോണി, ജിടെക് ബിസിനസ് ഫോക്കസ് ഗ്രൂപ്പിലെ അംഗങ്ങൾ എന്നിവർ സമീപം.*

യുകെ കഴിഞ്ഞാൽ യൂറോപ്യൻ യൂണിയനിലെ ഏറ്റവും വലിയ ഐടി വിപണി ജർമ്മൻ സംസാരിക്കുന്ന മേഖലയാണെന്നും അതിൻറെ ഹൃദയമായി ഓസ്ട്രിയയെ കണക്കാക്കാമെന്നും ഹോർട്നാഗൽ പറഞ്ഞു. ഇന്ത്യയിൽ വിവിധ മേഖലകളിലായി 150 ഓളം ഓസ്ട്രിയൻ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഓട്ടോമോട്ടീവ് വിതരണ ശൃംഖലയും എഞ്ചിനുകളുടെ പ്രോട്ടോടൈപ്പുകളുടെ നിർമ്മാണവുമാണ് ഓസ്ട്രിയയുടെ ശക്തമായ മേഖല. ജലവൈദ്യുത നിലയങ്ങൾ, എയർപോർട്ട് കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ, ഇന്ത്യൻ വിമാനത്താവളങ്ങളിലെ അഗ്നിശമന വാഹനങ്ങളുടെ വിതരണം തുടങ്ങിയ മേഖലകളിലും ഓസ്ട്രിയ സജീവമാണ്.യുവാക്കൾ ജോലി ചെയ്യാൻ മടിക്കുന്നതും സമൂഹത്തിൻറെ വാർദ്ധക്യവുമാണ് കോവിഡ് 19 ന് ശേഷം യൂറോപ്പിലെ ഗുരുതരമായ പ്രശ്നമെന്ന് ഹോർട്നാഗൽ ചൂണ്ടിക്കാട്ടി. സ്റ്റാർട്ടപ്പുകൾക്കായി ഒമ്പത് മേഖലാ ചേംബറുകളുടെയും ഓസ്ട്രിയൻ ബിസിനസ് ഏജൻസിയുടെയും സഹായം ഉൾപ്പെടെയുള്ള പിന്തുണ ഓസ്ട്രിയ വാഗ്ദാനം ചെയ്യുന്നു. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിയന്ന സർവകലാശാലയിൽ ഒരു സ്റ്റാർട്ടപ്പ് ഹബ് സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.ട്രാഫിക് മാനേജ്മെൻറ്, ടോൾ സംവിധാനങ്ങൾ, കാശി ക്ഷേത്രത്തിലെ കേബിൾ കാർ പദ്ധതി, ഇവേസ്റ്റ് ടെക്നോളജി, ഗ്രീൻടെക് പ്രോജക്റ്റുകൾ എന്നിവയുൾപ്പെടെ ഇന്ത്യയിലുടനീളമുള്ള വിവിധ പദ്ധതികളിൽ ഓസ്ട്രിയൻ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

ഐസിടി അക്കാദമി കേരള സിഇഒ മുരളീധരൻ മണ്ണിങ്ങൽ, സംസ്ഥാന സർക്കാരിൻറെ ഐടി ഫെലോമാരായ വിഷ്ണു വി നായർ, ഭാമിനി, ദിവ്യ, പ്രജീത് പ്രഭാകരൻ, ജിടെക് സിഇഒ ഈപ്പൻ ടോണി, ജിടെക് ബിസിനസ് ഫോക്കസ് ഗ്രൂപ്പിലെ അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

# തിരുവനന്തപുരത്തെ ഊർജ്ജസ്വലമായ സാംസ്കാരിക നഗരമാക്കാൻ ടിസിപിഎ

### ആദ്യത്തെ പരിപാടി ആഗസ്റ്റ് 24 ന്; വരുമാനം വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക്

തിരുവനന്തപുരം: കൂടുതൽ ഊർജ്ജസ്വലമായ സാംസ്കാരിക നഗരമാക്കി തിരുവനന്തപുരത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകി തിരുവനന്തപുരം സെൻറർ ഫോർ പെർഫോമിംഗ് ആർട്സ് (ടിസിപിഎ). കോർപ്പറേറ്റ് സാംസ്കാരിക ഉത്തരവാദിത്ത സംരംഭങ്ങളുടെ ഭാഗമായി കേരളത്തിലെ മൂന്ന് പ്രമുഖ വ്യവസായ പ്രമുഖർ ചേർന്നാണ് തിരുവനന്തപുരത്തെ മുൻനിര സാംസ്കാരിക സ്ഥാപനമായ ടിസിപിഎയെ പുനരുജ്ജീവിപ്പിക്കുന്നത്.കേരളത്തിൻറെ സമ്പന്നമായ കലാപാരമ്പര്യത്തെയും കലാകാരൻമാരെയും പ്രോത്സാഹിപ്പിക്കാനും ആഗോള തലത്തിലുള്ള കലകളുടെ വിനിമയം സാധ്യമാക്കാനും ടിസിപിഎ ലക്ഷ്യമിടുന്നു. വ്യവസായ പ്രമുഖരായ ബാലഗോപാൽ ചന്ദ്രശേഖർ, വി.കെ മാത്യൂസ്, തോമസ് ജോൺ മുത്തൂറ്റ് എന്നിവർ ചേർന്നാണ് ടിസിപിഎയെ നയിക്കുന്നത്.

ടിസിപിഎ പരമ്പരാഗത സംഗീതം, നൃത്തം, നാടകം, ദൃശ്യകലകൾ എന്നിവയിലേക്ക് യുവാക്കളെ ആകർഷിക്കാനും സമകാലീന കലാരൂപങ്ങളുമായി ഇടപഴകാൻ മുതിർന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.മുൻ ഐഎഎസ് ഉദ്യോഗസ്ഥനും ടെറുമോ പെൻപോളിൻറെ സ്ഥാപകനും ഫെഡറൽ ബാങ്കിൻറെ മുൻ ചെയർമാനുമാണ് ബാലഗോപാൽ. വി.കെ മാത്യൂസ് ഐബിഎസ് സോഫ്റ്റ് വെയറിൻറെ എക്സിക്യൂട്ടീവ് ചെയർമാനും തോമസ് ജോൺ മുത്തൂറ്റ് ഫിൻകോർപ്പിൻറെ ചെയർമാനും എംഡിയുമാണ്.സാംസ്കാരിക സ്ഥാപനങ്ങളുമായും ലോകത്തെമ്പാടുമുള്ള കലാകാരൻമാരുമായും സഹകരിച്ച്, അന്താരാഷ്ട്ര കലാ മേളകളിലും സാംസ്കാരിക വിനിമയങ്ങൾക്കുമായുള്ള അന്താരാഷ്ട്ര പ്ലാറ്റ് ഫോമായി ടിസിപിഎ പ്രവർത്തിക്കുമെന്ന് മാധ്യമങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ബാലഗോപാലും വി.കെ മാത്യൂസും തോമസ് ജോൺ മുത്തൂറ്റും പറഞ്ഞു.അഗം ബാൻഡിൻറെ മ്യൂസിക്ക് കൺസേർട്ട് ആണ് ടിസിപിഎ സംഘടിപ്പിക്കുന്ന ആദ്യത്തെ പരിപാടി. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെൻററിൽ ആഗസ്റ്റ് 24 ന് വൈകിട്ട് 7.30 ന് ആണ് പരിപാടി.

ഇതിൽ നിന്ന് ലഭിക്കുന്ന മുഴുവൻ വരുമാനവും വയനാട് ഉരുൾപൊട്ടൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും. ബുക്ക് മൈ ഷോ ആപ് (h-ttp-s:/ /in.boo-kmy-show.com/ ev-en-ts/a-g-am-l-iv-e/ ET00405199) വഴിയാണ് ടിക്കറ്റ് വിൽപ്പന. 499 രൂപ മുതൽക്കാണ് ടിക്കറ്റ് നിരക്ക്.ടിസിപിഎയുടെ കലാപ്രവർത്തനങ്ങൾക്ക് പുതിയ തുടക്കം നൽകാനാണ് ആർട്ടിസ്റ്റിക് ഡയറക്ടറായി സിനിമാ താരം കുക്കു പരമേശ്വരനെ നിയമിച്ചിട്ടുള്ളത്.

കലാ മേഖലയിലും പൊതുമണ്ഡലത്തിലും പരിചയസമ്പത്തുള്ള കുക്കു പരമേശ്വരൻറെ വിപുലമായ അനുഭവവും നൂതന ആശയങ്ങളും ടിസിപിഎയ്ക്ക് ഗുണം ചെയ്യും.കലാപരമായ കഴിവുകളെ പരിപോഷിപ്പിക്കുക, പ്രേക്ഷകരെ പ്രബുദ്ധരാക്കുക, നഗരത്തിൻറെ സാംസ്കാരിക മുഖം ആഗോളതലത്തിൽ ഉയർത്തുക എന്നിവയാണ് ടിസിപിഎയുടെ ഉദ്ദേശ്യലക്ഷ്യം. വർഷം മുഴുവനും പ്രത്യേകം രൂപകൽപ്പന ചെയ്ത പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം പ്രതിവർഷം രണ്ടോ മൂന്നോ പ്രധാന ഷോകളും ടിസിപിഎ നടത്തും.

വളർന്നുവരുന്ന പ്രതിഭകളെ പിന്തുണയ്ക്കുന്നതിനും സാംസ്കാരിക മേഖലയെ സമ്പന്നമാക്കുന്നതിനും എല്ലാ വിഭാഗങ്ങളിലുമുള്ള കലാകാരൻമാ രുടെ സമഗ്രമായ ഡാറ്റാബേസ് സൃഷ്ടിക്കുകയും ചെയ്യുകയെന്നത് ടിസിപിഎയുടെ മുൻഗണനകളാണ്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരൻമാർക്ക് പെൻഷനും റിട്ടയർമെൻറ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള പദ്ധതിയും ടിസിപിഎ ലക്ഷ്യമിടുന്നുണ്ട്. ടിക്കറ്റ് വിൽപ്പന, അംഗത്വ ഫീസ്, സ്പോൺസർഷിപ്പുകൾ, ഗ്രാൻറുകൾ എന്നിവയാണ് ടിസിപിഎയുടെ സാമ്പത്തിക സ്രോതസ്സ്.കലകളിലൂടെ ഊഷ്മളമായ സാംസ്കാരിക അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിൽ മുംബൈയിലെ എൻസിപിഎ (നാഷണൽ പെർഫോമിംഗ് ആർട്സ്), ബാംഗ്ലൂരിലെ രംഗശങ്കര തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങളെ ടിസിപിഎ മാതൃകയാക്കും. സർക്കാർ സ്ഥാപനങ്ങളുമായും സാംസ്കാരിക സ്ഥാപനങ്ങളുമായും ടിസിപിഎ സഹകരിച്ചു പ്രവർത്തിക്കും.

2016 ൽ സ്ഥാപിതമായ ടിസിപിഎ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരായ കലാകാരൻമാരെ ഉൾപ്പെടുത്തി പാശ്ചാത്യ ക്ലാസിക്കൽ സംഗീത പ്രകടനങ്ങൾ നടത്തിയാണ് ചുവടുറപ്പിച്ചത്. ടിസിപിഎ പ്രോഗ്രാം ഡയറക്ടർ സതീഷ് കാമത്താണ് ഈ പരിപാടികളുടെ നേതൃത്വം വഹിച്ചത്. 2018 ൽ അദ്ദേഹത്തിൻറെ ആകസ്മിക മരണവും പിന്നീട് കോവിഡ് പ്രതിസന്ധിയും ടിസിപിഎയുടെ പ്രവർത്തനങ്ങളെ ബാധിച്ചു.പ്രാദേശിക, ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടുന്നതിനായി വിപുലമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുകൊണ്ടാണ് ഇപ്പോൾ ടിസിപിഎ രംഗത്തെത്തുന്നത്. തുടർച്ചയായി മികവുറ്റതും വേറിട്ടതുമായ കലാപരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ തലസ്ഥാനത്തിൻറെ സാംസ്കാരിക രംഗത്തെ ലോകശ്രദ്ധയിൽ കൊണ്ടുവരികയാണ് ലക്ഷ്യം. വൈവിധ്യമാർന്ന വിദ്യാഭ്യാസ സംരംഭങ്ങളും ടിസിപിഎയുടെ പരിഗണനയിലുണ്ട്.

വളർന്നുവരുന്ന കലാകാരൻമാരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും അവതാരകപ്രേക്ഷക ബന്ധം ശക്തിപ്പെടുത്തുന്നതിനുമായി രൂപകൽപ്പന ചെയ്ത വർക്ക്ഷോപ്പുകൾ, മാസ്റ്റർ ക്ലാസുകൾ, ആർട്ടിസ്റ്റ് റെസിഡൻസികൾ, കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോജക്റ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ആഗോള സാംസ്കാരിക സ്ഥാപനങ്ങളുമായും കലാകാരൻമാരുമായും സഹകരിക്കുകയും പ്രാദേശിക കലകളും സാംസ്കാരിക പൈതൃകവും ഉയർത്തിക്കാട്ടുന്ന പരിപാടികളിൽ പങ്കെടുക്കുകയും ചെയ്യും.

ശിൽപശാലകൾ, പ്രഭാഷണങ്ങൾ, വിദ്യാഭ്യാസ പരിപാടികൾ, സാംസ്കാരിക സംഭാഷണങ്ങൾ എന്നിവയിലൂടെ വിവിധ മേഖലകളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നുമുള്ള കലാകാരൻമാരുടെ പങ്കാളിത്തം വളർത്താനും നൂതനവും സഹകരണപരവുമായ സൃഷ്ടികളെ പ്രോത്സാഹിപ്പിക്കാനും സാധിക്കുമെന്ന് ടിസിപിഎ വിശ്വസിക്കുന്നു.




*തിരുവനന്തപുരം സെൻറർ ഫോർ പെർഫോമിംഗ് ആർട്സി (ടിസിപിഎ) ൻറെ പ്രവർത്തനവുമായി ബന്ധപ്പെട്ട വാർത്താസമ്മേളനത്തിൽ ഐബിഎസ് സോഫ്റ്റ് വെയർ എക്സിക്യൂട്ടീവ് ചെയർമാൻ വി.കെ മാത്യൂസ് സംസാരിക്കുന്നു. ടെറുമോ പെൻപോളിൻറെ സ്ഥാപകനും ഫെഡറൽ ബാങ്കിൻറെ മുൻ ചെയർമാനുമായ ബാലഗോപാൽ ചന്ദ്രശേഖർ, മുത്തൂറ്റ് ഫിൻകോർപ്പിൻറെ ചെയർമാനും എംഡിയുമായ തോമസ് ജോൺ മുത്തൂറ്റ്, ടിസിപിഎ ആർട്ടിസ്റ്റിക് ഡയറക്ടർ കുക്കു പരമേശ്വരൻ എന്നിവർ സമീപം.*

## റിപ്പോർട്ട് പുറത്തുവിടരുതെന്ന് ആവശ്യപ്പെട്ടില്ല; സ്ത്രീകളുടെ വിജയം: നടി രഞ്ജിനി

കൊച്ചി: ഹേമാ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടരുതെന്ന് താൻ ആവശ്യപ്പെട്ടിട്ടില്ലെന്ന് നടി രഞ്ജിനി. കമ്മിറ്റി റിപ്പോർട്ട് പുറത്തുവരണമെന്ന് തന്നെയായിരുന്നു അഭിപ്രായം. എന്നാൽ നൽകിയ മൊഴി തനിക്ക് കാണണമായിരുന്നു. പുറത്തുവന്നിരിക്കുന്ന റിപ്പോർട്ട് വായിച്ചിട്ടില്ല.

എന്നാൽ എൻറർടെയ്മെൻറ് ട്രൈബ്യൂണൽ എന്ന തന്റെ നിർദേശം റിപ്പോർട്ടിലുണ്ട്. അതിൽ സന്തോഷമുണ്ട്. ഡബ്ല്യൂസിസിയുടെ പോരാട്ടം തന്നെയാണ് ഈ റിപ്പോർട്ടിന് പിന്നിൽ അവരെ അഭിനന്ദിക്കുന്നു. വ്യക്തിപരമായ ആശങ്കയിലാണ് കോടതിയിലേക്ക് പോയത്.

ഐസിസി പോലുള്ള സമിതിയൊന്നും ഒരിക്കലും സിനിമയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കില്ല. ഈ രംഗത്തെ പ്രയാസങ്ങൾ തന്നെയാണ് താൻ കമ്മിറ്റിക്ക് മുന്നിലും പറഞ്ഞതെന്നും രഞ്ജിനി പറഞ്ഞു. ഇത് സിനിമ രംഗത്തെ സ്ത്രീകളുടെ വിജയമാണെന്നും രഞ്ജിനി പറഞ്ഞു.

വൈകി കോടതിയെ സമീപിച്ചതിനാലാണ് ഹർജി പരിഗണിക്കാതെ പോയത്. മൊഴികൊടുത്തവർക്ക് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമായിട്ടില്ല. വനിതാ കമ്മീഷൻ ഇക്കാര്യത്തിൽ ഇടപെടുമെന്ന് കരുതിയിരുന്നുവെന്നും രഞ്ജിനി വ്യക്തമാക്കി.

## മുഖ്യമന്ത്രിയും സാംസ്കാരിക മന്ത്രിയും ചെയ്തത് ക്രിമിനൽ കുറ്റം: വി.ഡി.സതീശൻ

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൻമേൽ സർക്കാർ നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. നാലരവർഷം റിപ്പോർട്ട് പുറത്ത് വിടാതെ സർക്കാർ ചെയ്തത് ഗുരുതരമായ കുറ്റമാണ്. സർക്കാർ നടപടി കേരളത്തിന് അപമാനകരമായ കാര്യമാണ്.

ക്രിമിനൽ കുറ്റം അറിഞ്ഞിട്ടും നടപടി എടുക്കാത്തത് ക്രിമിനൽ കുറ്റം തന്നെയാണ്. മുഖ്യമന്ത്രിയും സാംസ്കാരിക മന്ത്രിയും ചെയ്തത് ക്രിമിനൽ കുറ്റമാണ്. ഇഷ്ടക്കാരെ സംരക്ഷിക്കാൻ ആണോ റിപ്പോർട്ട് മൂടി വെച്ചതെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു. കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കണം.

റിപ്പോർട്ടിന്റെ പുറത്തുവിട്ട ഭാഗം ഞെട്ടിക്കുന്നതാണ്. സിനിമാ മേഖലയിൽ ലൈംഗിക ചൂക്ഷണവും ക്രിമിനൽവത്കരണവും അരാജകത്വവും നടക്കുന്നു എന്നത് ഞെട്ടിക്കുന്നതാണ്. ചൂഷണം വ്യാപകമാണ് എന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. നാലരവർഷം റിപ്പോർട്ട് പുറത്ത് വിടാതെ സർക്കാർ എന്തിന് അടയിരുന്നുവെന്നും വി.ഡി.സതീശൻ ചോദിച്ചു.

ഇത്ര വലിയ സ്ത്രീ വിരുദ്ധത നടന്നിട്ട് ആരെ രക്ഷിക്കാനാണ് ശ്രമിച്ചതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

## കിക്മ ബിരുദദാന ചടങ്ങ്

സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) 202123 ബാച്ച് വിദ്യാർഥികളുടെ ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. കേരളാ യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നോവേഷൻ ആൻഡ് ടെക്നോളജി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് വിദ്യാർഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകി. ഏഷ്യാനെറ്റ് സാറ്റ്ലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ മൂർത്തി ചഗന്തി വിദ്യാർഥികൾക്ക് മെഡലുകൾ നൽകി. ഉന്നത വിജയം നേടിയ ഗോപിക ജി.എസ്, അക്ഷര എ എന്നിവർക്ക് ചടങ്ങിൽ കോലിയക്കോട് എൻ. കൃഷ്ണൻ നായർ പുരസ്കാരം നൽകി. അഡീഷണൽ രജിസ്ട്രാർ സെക്രട്ടറി രജിത്ത് കുമാർ എം.പി., കിക്മ ഡയറക്ടർ ഡോ. രാജേഷ് എസ്. പൈങ്ങാവിൽ, അസോസിയേറ്റ് പ്രൊഫസർ ഡോ. രാകേഷ് കുമാർ എസ്., ആർ.പി.എം ആർട്സ് ആൻഡ് സയൻസ് കോളജ് പ്രിൻസിപ്പൽ ബിനീഷ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സ്

കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, യു.ഐ/ യു.എക്സ് ഡിസൈനർ ആൻഡ് ഡെവലപ്പർ, വെബ് ഡിസൈൻ ആൻഡ് ഫുൾസ്റ്റാക്ക് ഡെവലപ്പ്മെന്റ്, ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രയിനിങ്, സൈബർ സെക്യൂരിറ്റി ആൻഡ് എത്തിക്കൽ ഹാക്കിങ്, ഇന്ത്യൻ ആൻഡ് ഫോറിൻ അക്കൗണ്ടിങ്, പൈത്തൺ ആൻഡ് മെഷീൻ ലേണിങ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടോ 04712337450, 04712320332 എന്നീ നമ്പറുകളിലോ ബന്ധപ്പെടണം.

## സ്കോൾ കേരള പ്ലസ് വൺ: തീയതി നീട്ടി

സ്കോൾകേരള മുഖേനയുള്ള 202426 ബാച്ചിലേക്കുള്ള ഹയർസെക്കൻഡറി കോഴ്സുകളുടെ ഒന്നാംവർഷ പ്രവേശന തീയതികൾ നീട്ടി. പിഴയില്ലാതെ ആഗസ്റ്റ് 31 വരെയും 60 രൂപ പിഴയോടെ സെപ്റ്റംബർ ഏഴ് വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ മാർഗനിർദേശങ്ങൾ ോോോ.രെീഹലസലൃമഹമ.ീൃ ഴ യിൽ ലഭ്യമാണ്. ഓൺലൈനായി നിലവിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം ജില്ലാ ഓഫീസുകളിൽ നേരിട്ടോ തപാൽ മാർഗമോ എത്തിക്കണം.

## മസ്റ്ററിങ് സെപ്റ്റംബർ 30 വരെ

2023 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സെപ്റ്റംബർ 30 വരെ മസ്റ്ററിങ് നടത്താം. അക്ഷയകേന്ദ്രങ്ങളിലെത്തി മസ്റ്റർ ചെയ്യുന്നതിന് 30 രൂപയും ഗുണഭോക്താക്കളുടെ വീടുകളിൽ പോയി മസ്റ്റർ ചെയ്യുന്നതിന് 50 രൂപയും ഗുണഭോക്താക്കൾ അക്ഷയകേന്ദ്രങ്ങൾക്ക് ഫീസ് നൽകണം.